

**പതിനേഴാം വയസ്സിൽ വിശ്വവിജയത്തിനൊരുങ്ങിയ അലക്സാണ്ടറുടേത് ഒരു കൗമാരക്കാരന്റെ എടുത്തു ചാട്ടമായി ചരിത്രം വിലയിരുത്തുന്നില്ല. ചെങ്കിസ് ഖാൻ വിശ്വവിജയത്തിനൊരുങ്ങിയത് അറുപത് വയസ്സ് കഴിഞ്ഞായത് യാദൃശ്ചികമായിരുന്നു എന്ന് മുഴുവൻ പറയാമൊ?**



ശിവദാസൻ എ. കെ.

# കാലത്തിന്റെ പ്രവാചകൻ

കടന്നു പോകുന്ന ഓരോ നിമിഷവും ആദ്യത്തേതാണ്, അവസാനത്തേതുമാണ് എന്ന പഴമൊഴിയിൽ നിന്ന് തുടങ്ങാം. സമയത്തിന്റെ മൂല്യത്തെ ഇതിലും അഗാധമായി നിർവ്വചിക്കാനാവില്ല. കാലം എന്ന പ്രഹേളികക്കു മുൻപിൽ ആധുനിക മനുഷ്യൻ എത്രയോ ചെറുതാണ്.

കാലത്തെ തിരിച്ചറിഞ്ഞതു മുതൽ അതിനെ നിയന്ത്രിക്കാനുള്ള അന്വേഷണവും ആരംഭിച്ചിരിക്കാം. രാപ്പകലുകൾകൊണ്ട് കാലത്തെ അറിഞ്ഞ ആദിമ മനുഷ്യനൊ, നാനൊ സെക്കന്റുകൊണ്ട് കാലത്തെ അളക്കുന്ന ആധുനികനൊ അണുവിട കാലത്തെ സേച്ഛാനുസരണം നിയന്ത്രിക്കാനായിട്ടില്ല. തന്റെ നിയന്ത്രണത്തിനപ്പുറത്തുള്ളത് എന്ന ബോധ്യമാകാം ചില മനുഷ്യരെയെങ്കിലും കാലത്തിനൊപ്പം സഞ്ചരിക്കാൻ പ്രേരിപ്പിച്ചത്.

കാലത്തിനൊപ്പം സഞ്ചരിച്ച മഹാമനീഷികളാണ് ലോകത്തിന്റെ ഗതിയെത്തന്നെ മാറ്റിമറിച്ചത്. കാലത്തിനൊപ്പം സഞ്ചരിക്കുക എന്നാൽ സമയത്തിന്റെ വില അറിയുക എന്നത്രെ. കാലത്തെ നിരീക്ഷിക്കുക മാത്രമാണ് അതിനുള്ള എളുപ്പവഴി. ടൈം മാനേജ്മെന്റ് ഇന്നൊരു പുതുമയില്ല. തൊഴിലിന്റെ കാര്യക്ഷമതയോട് ചേർത്താണ് കൂടുതലുപയോഗിക്കുന്നത് എന്ന് മാത്രം. ജീവിതത്തിൽ മനുഷ്യൻ അവന്റെ തൊഴിലിനോട് ഏറെ അടുത്തിരിക്കുന്നു എന്നതിനാൽ അത്തരമൊരു മാനം കൂടുതൽ ശ്രദ്ധിക്കപ്പെടുന്നു. അടങ്ങാത്ത ഉപഭോഗത്വര ആധുനിക കാലത്തെ തിരക്ക് നിയന്ത്രണാതീതമാക്കുന്നു. എല്ലാവർക്കും തിരക്കാണ്. 'ബിസി' എന്ന വാക്ക് സർവ്വപ്രതാപിയായി മാറുന്നു. പൊതുനിരത്തുകൾ പലപ്പോഴും മത്സരഭ്രാന്തിലാണ്. താൻ മുൻപേ, ഞാൻ മുൻപേ അങ്ങനെ കുതിക്കുന്നവർ. തിരക്കിട്ട് നേടുന്ന ജീവിത സൗകര്യങ്ങൾ സ്വച്ഛമായി ആസ്വദിക്കാൻ കഴിയുന്നുണ്ടോ എന്ന ചോദ്യം ബാക്കി. ഈ മഹാപ്രപഞ്ചം ചലിച്ചുകൊണ്ടിരിക്കുന്നു. സൗരയൂഥം ഒന്നാകെ അതിന്റെ ഗാലാറ്റിക് സെന്ററിനെ ചുറ്റുന്നു. ഭ്രമണം ചെയ്തും പരിക്രമണം ചെയ്തും മറ്റെല്ലാ ഗ്രഹങ്ങളും. എല്ലാം നിയതമായ താളത്തിൽ ചലിച്ചുകൊണ്ടിരിക്കുന്നു. ഭൂമി



അതിന്റെ ഭ്രമണസമയമൊ, പരിക്രമണ വേഗതയൊ വ്യത്യാസപ്പെടുത്തുന്നില്ല. പ്രപഞ്ചം സ്ഥായിയായി നിൽക്കുന്നു. പക്ഷേ, മനുഷ്യർ തിരക്ക് കൂട്ടുന്നു. തിരക്ക് മൂലം തനിക്ക് കൂടുതൽ സൗഭാഗ്യങ്ങൾ ഉണ്ടാകും എന്നയാൾ കരുതുന്നു. പ്രപഞ്ചത്തിന്റെ താളം അതിന്റെ ഓരോ അണുവിലുമുണ്ട്. മനുഷ്യന്റെ ഓരോ പ്രവൃത്തിക്കും ഒരു താളമുണ്ട്. ആ താളം തിരിച്ചറിയുമ്പോൾ പ്രവൃത്തി പുണ്യമാകുന്നു. അത്തരം പുണ്യങ്ങൾ സൃഷ്ടിക്കുന്ന പ്രവൃത്തി മാത്രമെ കാലാതീതമായി നിലനിൽക്കുകയുള്ളൂ. കാലത്തെ തിരിച്ചറിയുക എന്നാൽ വർത്തമാനത്തെ ശരിയായി വിലയിരുത്തുക എന്നർത്ഥവുമുണ്ട്.

ഒരു ലക്ഷം പേരുടെ ലോധിസൈന്യത്തോട് കേവലം പതിനായിരം പേരുമായി വന്ന ബാബർ പാനിപ്പത്ത് യുദ്ധത്തിൽ ജയിച്ചത് ചരിത്രം. പതിനേഴാം വയസ്സിൽ വിശ്വവിജയത്തിനൊരുങ്ങിയ അലക്സാണ്ടറുടേത് ഒരു കൗമാരക്കാരന്റെ എടുത്തു ചാട്ടമായി ചരിത്രം വിലയിരുത്തുന്നില്ല. ചെങ്കിസ് ഖാൻ വിശ്വവിജയത്തിനൊരുങ്ങിയത് അറുപത് വയസ്സ് കഴിഞ്ഞായത് യാദൃശ്ചികമായിരുന്നു എന്ന് മുഴുവൻ പറയാമൊ?

സമയത്തെ ഫലപ്രദമായി ഉപയോഗിക്കുന്നതിലാണ് വ്യക്തിയുടെ കാര്യക്ഷമത കുടിയിരിക്കുന്നത്. അലസമായ മണിക്കൂറുകളെ നിയന്ത്രിച്ചാൽ തിരക്കിന്റെ വിയർപ്പിൽ നിന്ന് കരകയറാം. സമയത്തിന്റെ വില ഓരോരുത്തർക്കും ഓരോ വിധത്തിലാണ്. 1984-ൽ ലോസ് എഞ്ചൽസിൽ വെച്ച് പി. ടി. ഉഷയ്ക്ക് ഒളിംപിക് മെഡൽ നഷ്ടമായത് സെക്കൻഡിന്റെ നൂറിലൊരംശം കൊണ്ടത്രെ. ഓട്ടക്കാരന് അത് സെക്കൻഡിന്റെ അംശഭേദമെങ്കിൽ ജീവപര്യന്ത തടവുകാരന് വർഷങ്ങളായേക്കാം. സമയത്തെ നാം എങ്ങനെ കാണുന്നു എന്നതിലാണ് കാര്യം.

വർഷങ്ങളുടെ സമയത്തെ സെക്കൻഡുകളിലേക്ക് കൊണ്ട് വന്ന് മൂല്യവർദ്ധിതമാക്കലാണ് സമയത്തെ ഫലപ്രദമായി ഉപയോഗിക്കൽ. അപ്പോൾ ദിവസത്തിൽ അലസമായിക്കളയുന്ന നിമിഷങ്ങളെ നമുക്ക് തിരിച്ചറിയാനാകും. അത്തരം തിരിച്ചറിവുകളെ ഫലപ്രദമായി ഉപയോഗിച്ചവരാണ് എക്കാലത്തും സമയത്തിന്റെ പ്രവാചകരായിരുന്നവർ.






"A man who dares to waste one hour of time has not discovered the value of day"

എന്ന ചാൾസ് ഡാർവിന്റെ വാക്യമോർക്കാം.

സ്നേഹിക്കാനായി സമയം കണ്ടെത്തൂ
അത് നിങ്ങളുടെ യുവത്വത്തെ അനശ്വരമാക്കും
ചിരിക്കാനെടുക്കുന്ന സമയം
നിങ്ങളുടെ ഹൃദയത്തിന് സംഗീതമാകും
കരയാനായി സമയം കണ്ടെത്തൂ
അത് ഹൃദയത്തിന്റെ വിശാലത കാണിക്കും
വായിക്കാനായി കണ്ടെത്തുന്ന സമയം
അറിവിന്റെ പ്രവാഹമാകും
ചിന്തിക്കാനായി കണ്ടെത്തുന്ന സമയം
വിജയത്തിന്റെ താക്കോലാകും
കളിക്കാനായി കണ്ടെത്തുന്ന സമയം
നിങ്ങൾക്ക് കുട്ടിക്കാലത്തിന്റെ നിഷ്കളങ്കത തരും
കേൾക്കാനായി സമയം കണ്ടെത്തൂ
അത് നിങ്ങളുടെ ബുദ്ധി വർദ്ധിപ്പിക്കും
അങ്ങനെ ജീവിക്കാനായി സമയം കണ്ടെത്തൂ; ജീവിച്ചിരുന്നു എന്ന് നിങ്ങൾക്കോർക്കാനായി.